# കേരളത്തിലെ സർവ്വകലാശാലകളിലെ ഫോക്‌ലോർപഠനം

**Anjana V.R ***

1846 ആഗസ്റ്റ് 22 ന് ഫോക്‌ലോർ എന്ന പദം നാണയപ്പെട്ടു എന്ന് ആ വിജ്ഞാന ശാഖയുടെ ചരിത്രം പറയുന്നു. അതിനു മുമ്പ് തന്നെ കൃത്യമായ അതിർരേഖകൾ നിർണ്ണയിക്കപ്പെടാതെ, ചെത്തിയൊതുക്കാത്ത ചെടിക്കൂട്ടങ്ങൾപോലെ അതു വളർന്നു പടർന്നിരുന്നു. ഓരോ ജനസമൂഹവും'പാദപ'ങ്ങളാണ് എന്ന തിരിച്ചറിവായിരുന്നു ഗ്രിം സഹോദരൻമാരുൾപ്പെടെയുള്ള നാടോടിസംസ്കൃതിസംവാദകരുടെ പ്രവ!ർത്തനങ്ങൾക്ക് നിദാനമായിരുന്നത്. വൃക്ഷങ്ങൾ വേരുകളെ ആഴങ്ങളിലേയ്കയച്ച് വെള്ളവും വളവും വലിച്ചെടുത്ത് ആകാശത്തിലേയ്ക് ചില്ലകൾ വീശി വളർന്ന് തളിർത്ത് പൂക്കുന്നു. ഇതേ പാദപവൃത്തി ഓരോ സമൂഹവും ചെയ്യുന്നുണ്ട്. പാരമ്പര്യത്തെ ഊർജ്ജസ്രോതസ്സാക്കിയാണ് അവ താൻപോരിമ നേടുന്നത്. വൈവിദ്ധ്യമാർന്ന പാരമ്പര്യങ്ങളെ ക്കുറിച്ചുള്ള സമഗ്രപഠനമാണ് ഫോക്‌ലോർ ലക്ഷ്യമിടുന്നത്. ആന്റിക്വേറിയൻ റിപ്പോർട്ടറിയിൽ തുടങ്ങിയ ഫോക്‌ലോർ രേഖപ്പെടുത്തൽ ഇന്ന് നമ്മുടെ സാഹിത്യത്തിലും ആനുകാലികങ്ങളുടെ കൂട്ടത്തിലുംസ്വന്തമായി ഒരു മേഖല കെട്ടിപ്പടുത്തിരിക്കുന്നു. ഇത് സ്വതന്ത്ര ഫോക്‌ലോർപ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നു. കലാശാലാദ്ധ്യാപകരും ലൈബ്രേറിയൻമാരും വിത്തിട്ട് മുളപ്പിച്ച ഫോക്‌ലോറിക്സ്റ്റിക്സ് ആദ്യകാല അക്കാഡമിക പരിസരം വിട്ട് സ്വതന്ത്രമായി മേയാൻ തുടങ്ങിയിരിക്കുന്നു. സർവ്വകലാശാല ബിരുദങ്ങളില്ലാത്ത ഫോക്‌ലോർ പ്രവർത്തകർ ഈ രംഗത്ത് ഗണനീയമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

** Asst.Professor, Department of Malayalam, Govt. College, Chittur, Palakkad*
*Email: anjanamalayalam@gmail.com*

അക്കാഡമികഅക്കാഡമികേതര ഫോക്!ലോർപഠനങ്ങൾ പരസ്പരപൂരകമെന്നതിനേക്കാൾ സമാന്തരമാണ്. സ്വതന്ത്രപ്രവർത്തകരുടെ അർപ്പണബുദ്ധി കേരളത്തിലെ നാടോടിവിജ്ഞാനീയത്തിന്റെ ശക്തിയും ചൈതന്യവുമാണ്. എന്നാൽ സർവ്വകലാശാലകൾ ഈ വിഷയത്തോട് പുലർത്തുന്ന സമീപനം മറ്റൊന്നാണ്. സ്വതന്ത്രപ്രവർത്തകരുടേത് ഒരു Non-academic approach ആണ്, സർവ്വകലാശാലയുടേതാകട്ടേ പുസ്തകാധിഷ്ഠിതവും. ഈ നീക്കങ്ങൾ സമാന്തരവും പരസ്പ്പരം കലഹിക്കുന്നതുമാകാൻ ഇതിലധികം കാരണങ്ങൾ വേണ്ട. സർവ്വകലാശാല പാഠ്യപദ്ധതി നിശ്ചയിക്കുന്നത് അക്കാദമിക വിദഗ്ദ്ധരാണ്. അവർ ലഭ്യമായ പുസ്തകങ്ങളുടെ സഹായത്തോടെ ഒരു പാഠ്യപദ്ധതി തയാറാക്കുന്നു. വിദ്യാർത്ഥികൾ ഇത് ഉരുവിട്ട് തീർക്കുന്നു. ഓരോ കുട്ടിയും ഓരോ വർഷവും ഒരു'ആമ്രേഡനകീരം' മാത്രമാകുന്നു.

മറ്റ് വിജ്ഞാനശാഖയുമായി ഫോക്‌ലോർ പുലർത്തിയിരുന്ന ബന്ധത്തെ (Inter Disiplinary) അനുസ്മരിച്ചുകൊണ്ട് അതിന് സ്വതന്ത്രപദവി നൽകാൻ വിസമ്മതിക്കുന്ന പണ്ഡിതൻമാരുണ്ട്. 'കേരളഫോക്‌ലോർ എന്നൊന്നില്ല; അത് കേരളസംസ്കാരത്തിലടങ്ങുന്നു' എന്നതാണവരുടെ ഭാഷ്യം എന്നാൽ രാജാക്കൻമാരുടെ ജാതകത്തിനും ഭരണപരിഷ്കാരങ്ങൾക്കും യുദ്ധവിജയങ്ങൾക്കുമിടയിൽ ജനജീവിതം എന്നൊന്നുണ്ടായിരുന്നു. അവരുടെ പാട്ടും കഥയും കളിയും പ്രാർത്ഥനയും പൂജയും ആഘോഷവും വൈദ്യവും എല്ലാം അടങ്ങുന്നതാണ് ഇന്ന് നാം വിവക്ഷിക്കുന്ന ഫോക്‌ലോർ. ഈ തിരിച്ചറിവിലൂടെയാണ് അത് സ്വതന്ത്രശാഖയാകുന്നത്. അതിൽ നരവം ശശാസ്ത്രവും മനശാസ്ത്രവുമെല്ലാം അടങ്ങുന്നുണ്ടാവാം.

ഗൗരവമേറിയ ഫോക്‌ലോർപഠനങ്ങൾ ഇന്ന് ഇന്ത്യയിലെ സർവ്വകലാശാലകളിലും നടക്കുന്നുണ്ട്. തമിഴ്!നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഇക്കാര്യ ത്തിൽ വളരെ മുന്നോട്ട് പോയിട്ടുണ്ട്. ബിതുദതലത്തിലോ ബിരുദാനന്തര ബിരുദതലത്തിലോ ഫോക്‌ലോർ പഠനവിഷയമായി സ്വീകരിച്ചിട്ടുള്ള നിരവധി ഇന്ത്യൻ സർവ്വകലാശാലകൾ ഉണ്ട് . Thamil universtiy Thanjavur, Madhurai Kamaraj Universtiy,Mysore Universtiy, Karnataka Univer stiy Dharwar,Thelugu Universtiy Warangal cetnre, Gauhatty Universtiy Gauhatty Assam ഇങ്ങനെ നിരവധി പേരുകൾ എടുത്ത് പറയത്തക്കതായി ഉണ്ട്.

കേരളത്തിലെ സർവ്വകലാശാലകൾ അവരുടെ പഠ്യപദ്ധതിയിൽ ഫോക്‌ലോറിന് നൽകുന്ന പ്രാധാന്യവും എത്രയെന്നത് അന്വേഷിക്കേണ്ട വിഷയമാണ്. പാരമ്പര്യത്തെയും സംസ്കാരത്തെയും കുറിച്ചറിയാൻ കുട്ടികൾക്കവസരമൊരുക്കേണ്ട ബാദ്ധ്യത ഈ സ്ഥാപനങ്ങൾക്കുണ്ട്. കാരണം പൊതുജനങ്ങളിൽ വിദ്യാഭ്യാസമെത്തിക്കുന്ന സർക്കാർ നിയുക്ത ഏജൻസികളാണ് സർവ്വകലാശാലകൾ. ശാസ്ത്രസാങ്കേതിക മികവിനൊപ്പം ഭാഷയും മാനവികതയും ഒരു കുട്ടി ഉൾക്കൊള്ളണം. നമ്മുടെ സംസ്കാരത്തിന്റെ അന്തസത്ത അറിയണം. വരണ്ടുപോയേക്കാവുന്ന ഈ ഒരു പഠനത്തിന്റെ രസകരമായ സാധ്യതകളാണ് ഫോക്‌ലോറിലുള്ളത്

പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഗ്രിം സഹോദരൻമാരിൽനിന്ന് ഫോക്‌ലോർ പഠനചരിത്രത്തിന്റെ ഒന്നാംഘട്ടം ആരംഭിക്കുന്നു. ഇങ്ങനെ ഒരു വിഷയം രൂപപ്പെടുന്നതിന് മുമ്പ് തന്നെ താരതമ്യഭാഷാപഠനത്തിലൂടെ ഈ പഠനശാഖ അവർ കെട്ടിപ്പടുത്തു. ഗ്രിം സഹോദരൻമാരിൽ നിന്നാരംഭിച്ച് പൗരാണികത്വത്തിലുള്ള പഠനത്തിലൂടെ വികസിച്ച് ഫിന്നിഷ് രീതിയിലൂടെ ശാസ്ത്രീയമായ ചരിത്രപഠനമായി വളർന്ന ചരിത്രമാണ് ഫോക്‌ലോറിനുള്ളത്. ഇംഗ്ലണ്ടിലെ ഫോക്‌ലോർ പഠനരംഗത്തുണ്ടായ താൽപ്പര്യത്തിന്റെ തുടർച്ച എന്ന നിലയിലായിരുന്നു ഇന്ത്യയിൽ ഈ പഠനമേഖല രൂപപ്പെട്ടത്. വെരിയർ എൽവിൻ, ലോഗൻ, പേഴ്സി മക്വീൻ എന്നിവരുടെ താൽപ്പര്യമാണ് ഇന്ത്യയിൽ ഫോക്‌ലോർ പഠനത്തിന് തുടക്കംകുറിച്ചത്. മതപ്രചരണാർത്ഥം ഇന്ത്യൻജനതയെ അടുത്തറിയാനാണ് മിഷണറിമാർ ഫോക്‌ലോർപഠനം തുടങ്ങിയത്. പിന്നീട് ബ്രിട്ടീഷ് അധികാരികൾക്കെതിരെ ഗ്രാമീണരെക്കൂടി ഉൾപ്പെടുത്താൻ പണ്ഡിതൻമാർ അവരുടെ ഫോക്‌ലോറുകൾ ഉപയോഗിച്ചു. ഇത്തരത്തിൽ ആരംഭിച്ച ഫോക്‌ലോർ പഠനങ്ങളെ ഇന്ന് ഒരു ഗവേഷണ വിഷയമായും അദ്ധ്യയനവിഷയമായും പരിഗണിച്ച് പോരുന്നു.

മറ്റ് പല സംസ്ഥാനങ്ങളിലും എന്നപോലെ കേരളത്തിലും ഫോക്‌ലോർ പഠനം തുടങ്ങി വച്ചത് പാശ്ചാത്യരാണ്. പൗലിനോസ് പാതിരിയുടെ 'അഡഗിയ മലബാറിക്ക'യും 'പഴഞ്ചൊൽസമാഹാര'വും ഇവിടെ ഓർക്കേണ്ടതുണ്ട്. ദേശീയപ്രസ്ഥാനങ്ങളുടെ വരവും സ്വാതന്ത്ര്യസമരങ്ങളും ഫോക്‌ലോറിനെ പലവിധത്തിൽ ഉപയോഗപ്പെടുത്തി. നാടോടിനാടകങ്ങൾ (ഡോ.എസ്.കെ.നായർ), ഫോക്‌ലോർ, കേരളാഫോക്‌ലോർ (ഡോ.രാഘവൻ പയ്യനാട്) തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ ഫോക്‌ലോറിന്റെ പുതിയ തലങ്ങൾ അന്വേഷിക്കാൻ കേരളം നൽകിയ സംഭവനകളാണ്.

ഫോക്‌ലോറിന്റെ പഠനമേഖല ദിനംപ്രതി വികസിച്ച് വരികയാണ്. മുൻകാലഫോക്‌ലോർ പഠനങ്ങളും നിർവ്വചനങ്ങളും ഒതുങ്ങിനിന്നത് അധ:കൃതരുടെയും കർഷകരുടെയും ഗ്രാമീണരുടെയും ഇടയിൽ മാത്രമായിരുന്നു. ഇന്ന് ഇത് കൂടുതൽ വിശാലമായ അന്തരീക്ഷത്തിലേയ്ക് ഇറങ്ങി വന്നിരിക്കുന്നു. ഫോക് എല്ലായിടത്തും ഉണ്ട് സ്വാഭാവികമായും അവിടെയെല്ലാം ഫോക്‌ലോറുകളും ഉണ്ടായിരിക്കും. അങ്ങനെ നോക്കുമ്പോൾ നാഗരികസമൂഹത്തിനും ഒരു ഫോക്‌ലോർ ഉണ്ട്. നിർഭാഗ്യവശാൽ ഫോക്‌ലോറിസ്റ്റുകൾ ഗ്രാമങ്ങളിലും അവരുടെ ഫോക്‌ലോറിലും മാത്രം ശ്രദ്ധപതിപ്പിക്കുകയും അതിന്റെ ഫലമായി നാഗരികതയ്ക് നേർവിപരീതമായി അപ രിഷ്കൃതരായ ഗ്രാമീണജനതയാണ് 'ഫോക്'എന്ന വിശ്വാസം ഉറയ്കുകയും ചെയ്തു. ഇത് ശരിയല്ല ഈ പഠനത്തെ വികസിപ്പിക്കാനും ശക്തിപ്പെടുത്തുവാനും സമൂഹത്തിൽ ഉണ്ടാകുന്ന നിലവിലെ മാറ്റങ്ങൾക്കിടയിൽ കൊണ്ടുവരാനും അക്കാഡമികമായകാര്യങ്ങളിൽ അടിസ്ഥാനപരമായ മാറ്റ ങ്ങൾ അത്യാവശ്യമായി വന്നിരിക്കുന്നു. നാഗരികത ഫോക്‌ലോറിൽ നിന്നോ ഫോക്‌ലോറിസ്റ്റുകളിൽ നിന്നോ വിട്ടുനിൽക്കുന്നില്ല.

ഫോക്‌ലോർപഠനത്തിന് സിദ്ധാന്തം, പ്രയോഗം എന്നിങ്ങനെ രണ്ടുതലമുണ്ട് കേരളത്തിലെ ഫോക്‌ലോർപഠനങ്ങൾ കൂടുതലും നടത്തിയിട്ടുള്ളത് സിദ്ധാന്തത

ലത്തിലാണ്. അക്കാദമികമായ ഫോക്‌ലോർ പഠനം പ്രയോഗതലത്തിലേയ്ക് കൂടുതൽ അടുക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. സിദ്ധാന്തപ്രയോഗതലങ്ങൾ സമാന്ത രമായി നിൽക്കുകയാണ്. ഈ വിഘടനസ്വഭാവമാണ് ഫോക്‌ലോറിന് സംഭവിച്ച സമീപകാലദുരന്തം എന്ന് പറയാം. സ്വതന്ത്രവും അക്കാദമികവുമായ ഫോക്‌ലോർ പ്രവർത്തനങ്ങളുടെയും അവസ്ഥ ഇതുതന്നെ. ഈ ബന്ധവും പുനർനിർവ്വചിക്കപ്പെടേണ്ടി യിരിക്കുന്നു. അതുകൊണ്ടുതന്നെ നാട്ടുപ്പഴമകളാൽ സമ്പന്നമായ നമ്മുടെ കൂട്ടായ്മയെ കുറിച്ച് അറിയുന്നതിന് ആത്യന്തികാർത്ഥത്തിൽ സംസ്കാരപഠനം തന്നെയായ ഫോക് ലോർപഠനത്തിന് നമ്മുടെ സർവ്വകലാശാലകൾ എത്രത്തോളം പ്രാധാന്യമാണ് നൽകി യിരിക്കുന്നതെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.

വിഭിന്നങ്ങളായ സമീപനങ്ങളാണ് കേരളത്തിലെ വിവിധ സർവ്വകലാശാലകൾ ഫോക്‌ലോർപഠനത്തോട് പുലർത്തുന്നത്. താരതമ്യേന നവീനമെങ്കിലും ഗൗരവ മേറിയ ഒരു വിഷയമാണ് ഇത്. മറ്റേത്‌വിഷയത്തെ അപേക്ഷിച്ചും ഫോക്‌ലോർ പഠനം നിറവേറ്റുന്ന ധർമ്മം സംസ്കാരപഠനം തന്നെയാണ്. സംസ്കാരത്തെ നേരിട്ടല്ല വൈവിദ്ധ്യമാർന്ന ഫോക്‌ലോർ രൂപങ്ങളിലൂടെയാണ് പകരുന്നത്. അപ്പോൾ അതിന്റെ തെരഞ്ഞെടുപ്പ് സൂക്ഷ്മതയോടെ വേണം നിർവ്വഹിക്കാൻ. അത് ലക്ഷ്യവേധി തന്നെ യാവണം.

കേരളസർവ്വകലാശാലാമലയാളവിഭാഗത്തിലും അഫിലിയേറ്റഡ് കോളേജുകളിലെ ബി എ മലയാളം സിലബസിലുമാണ് നിർബന്ധിതവിഷയമായി ഉള്ളത്. എന്നാൽ അഫിലിയേറ്റഡ് കോളേജുകളിലെ എം എ സിലബസിൽ ഐച്ഛികവിഷയങ്ങളിൽ ഒന്നാക്കിയിരിക്കുന്നു. കുട്ടികൾ പുതുതായി പരിചയപ്പെടുന്ന പഠനമേഖല എന്ന നിലയ്കുള്ള പരിചയപ്പെടൽ മാത്രമാണ് ബി എ സിലബസിൽ ഉള്ളത്. അത് അങ്ങനെ യാവുന്നതാണ് നല്ലത്. എന്നാൽ എം എ സിലബസിൽ നിർബന്ധിതവിഷയമല്ലാതാ ക്കിയിരിക്കുന്നു. ഉള്ളതിൽത്തന്നെ ഫീൽഡ്‌വർക്ക് പോലുള്ള പ്രയോഗതലങ്ങൾ ഒഴി വാക്കിയിരിക്കുന്നു. ഒരു നാടൻകലയുടെയും പ്രത്യേകപഠനമില്ല. ഫോക്‌ലോറിന്റെ നിർവ്വചനം, ധർമ്മം, ചരിത്രം എന്നിവയും ഇവിടെ ഉപയോഗിക്കപ്പെട്ടിരിക്കുന്നു. എന്നാൽ വാസ്തുവിദ്യ ഭക്ഷണപാനീയങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നത് നന്നായിട്ടുണ്ട്. കേരളായൂണിവേഴ്സിറ്റിയുടെ മലയാളവിഭാഗത്തിൽ നിർബന്ധിതവിഷയം തന്നെയാണ്. ഫോക്‌ലോറിന്റെ പഠനമേഖലകളെ വിദഗ്ദ്ധമായി തരംതിരിച്ചിട്ടുള്ള സിലബസാണിത്. നാടോടിപ്പാട്ടുകൾ എന്ന വിശാലലോകം കഥാഗാനങ്ങളിലേയ്ക് ചുരുങ്ങിപ്പോയതും അരങ്ങുവഴക്കങ്ങൾ തീർത്തും നാടോടിയായതും ഒരു ചെറിയ പിഴവായി വേണമെങ്കിൽ കാണാം. ഫോക്‌ലോറും സാഹിത്യവും എന്ന ഒരു മേഖലയുടെ ആവശ്യം കൂടി ഈ സിലബസ് ഉൾക്കൊള്ളുന്നുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല എല്ലാ പഠനതലത്തിലും നിർബന്ധിതവി ഷയമാക്കിയിരിക്കുന്നത് അഭിനന്ദനീയം തന്നെ. അഫിലിയേറ്റഡ് കോളേജുകളിലെ എം എ സിലബസ് സംസ്കാര ഫോക്‌ലോർ പഠനങ്ങളുടെ സങ്കരമായാണ് കാണുന്നത്. ആധു

നിക ഇലക്ട്രോണിക് യുഗത്തിന്റെ പശ്ചാത്തലത്തിൽക്കൂടിയും ഫോക്‌ലോറിസത്തെ സമീപിച്ചിരിക്കുന്നത് ഉചിതമായിരിക്കുന്നു. കലാപാരമ്പര്യത്തിൽ ശ്രദ്ധ കൂടിപ്പോയതായി ക്കാണുന്നു. കടങ്കഥ പഴഞ്ചൊല്ല് എന്നിവയെ അപഗ്രഥിച്ചിട്ടില്ല. സാഹിത്യവും ഫോക് ലോറും ചർച്ചചെയ്തിടത്ത് നാടകസാഹിത്യത്തെ പരാമർശിച്ചിട്ടില്ല എന്നത് ഒരു കുറവു തന്നെയാണ്. യൂണിവേഴ്സിറ്റിയുടെതന്നെ മലയാള വിഭാഗത്തിലെ സിലബസ് പറഞ്ഞുറപ്പിച്ചവകളുടെ ആവർത്തനം മാത്രമായിപ്പോയി. നാട്ടുപ്പഴമകളെ സാമാന്യമായി പ്പറഞ്ഞുപോകുന്നതല്ലാതെ അപഗ്രഥിക്കുന്നില്ല. എന്നാൽ ബിരുദതലത്തിലെ സിലബസ് കുറിച്ചുകൂടി നിലവാരം പുലർത്തുന്നുണ്ട്. ഈ വിജ്ഞാനശാഖയെക്കുറിച്ച് പുതുതായി കേൾക്കുന്ന ഒരു വിദ്യാർത്ഥിയുടെ അന്വേഷണത്വരയെ വളർത്തുന്ന തരത്തിലുള്ള പാഠ്യപദ്ധതിയാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്.

സംസ്കൃതസർവ്വകലാശാല ഫോക്‌ലോറിന്റെ വിശാലമായ കാഴ്ചപ്പാടിനെ മാനി ക്കത്തക്കതരത്തിൽ മൂന്ന് കോഴ്സായി വിഭജിച്ചിരിക്കുന്നു. മൂന്നിലും സൈദ്ധാന്തി കതലമാണ് കൂടുതൽ പ്രായോഗികതലം വളരെ കുറവാണ്. ഫോക്‌ലോറിന്റെ ചരിത്രവും സിദ്ധാന്തവും ഫോക്‌ലോർ പഠനമേഖലകൾ നാടോടിസാഹിത്യം എന്നിവയാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കോഴ്സുകൾ. ഇവയൊന്നും തന്നെ നിർബന്ധിതമല്ല ഐച്ഛികമാണ് എന്നത് ഒരു വലിയ പോരായ്മയാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ എം എ സിലബസ് ഫോക്‌ലോർ ജനുസ് പരമായ വിശകലനമാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. വാമൊഴിവഴക്കങ്ങളെ സൈദ്ധാന്തികത ലത്തിൽ മാത്രമേ ഇവിടെ അപഗ്രഥിക്കുന്നുള്ളൂ. ഫോക്‌ലോറിന്റെ ഏറ്റവും ചെറിയത ലത്തിലുള്ള വിശകല നങ്ങളും വിശദീകരണങ്ങളും അപഗ്രഥനങ്ങളും ഉൾപ്പെടുത്തി യിരി ക്കുന്നത് ഈ സിലബസിന്റെ നിലവാരത്തെ ഉയർത്തിയിരിക്കുന്നു. Oraltiy to Literacy, Literacy to Oraltiy എന്നിവയെ കാര്യമായിത്തന്നെ വിശദീകരിച്ചിരിക്കുന്നത് ഉചിതമായിരിക്കുന്നു. ഫീൽഡ് സ്റ്റഡിയൊന്നും ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. തീർത്തും സൈദ്ധാന്തികമാണ് ഈ സിലബസ് എന്നത് ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കാലിക്കറ്റ് സർവ്വകലാശാല എം എ തലത്തിൽ ഫോക്‌ലോറിനെ വേണ്ടവിധത്തിൽ പരിഗണിച്ചിട്ടില്ല എന്നുതന്നെ പറയാം. ബിരുദതലത്തിൽ നിർബന്ധിതവിഷയമാണെ ങ്കിലും സാമാന്യമായൊരറിവ് മാത്രമേ ഇവിടെ നിന്ന് ലഭിക്കുന്നുള്ളൂ. ഉപരിതലസ്പർശി യായുള്ള പാഠ്യപദ്ധതിയായിരിക്കുന്നു ഇത്.

ഫോക്‌ലോറിന് മാത്രമായി ഒരു ബിരുദാനന്തര ബിരുദ പഠനശാഖ വിഭാവനം ചെയ്തുകൊണ്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഈ വിഷയത്തിന്റെ പ്രാധാന്യത്തെ എടുത്തു കാട്ടിയിരിക്കുന്നു. എം എ ഫോക്‌ലോറിന്റെ സിലബസ് രണ്ടുവർഷത്തെ നാല് സെമസ്റ്ററു കളായി വിഭജിച്ചുകൊണ്ടുള്ളതാണ്. ആദ്യത്തെ മൂന്ന് സെമസ്റ്ററുകളിലെ പന്ത്രണ്ട് പേപ്പ റുകളിലൂടെ ഫോക്‌ലോറിന്റെ സൈദ്ധാന്തികപ്രായോഗിക തലങ്ങളെ വിശദമായിത്തന്നെ പഠനവിധേയമാക്കുന്നു. നാലാം സെമസ്റ്ററിൽ ഫോക്‌ലോർപരമായ സമകാല പ്രസക്തി യുള്ള വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ശുദ്ധമായഫോക്‌ലോറിനൊപ്പം വർത്തമാന

കാലത്തെ തൊഴിൽമേഖലകളിലൊന്നുകൂടി പരിചയപ്പെടുക എന്ന ഉദ്ദ്യേശ്യത്തോടെയുള്ള ചില ദീർഘവീക്ഷണങ്ങളും ഈ പാഠ്യപദ്ധതി പുലർത്തുന്നുണ്ട്. ഫീൽഡ് വർക്കിനെ ആധാരമാക്കിയുള്ള പ്രോജക്റ്റ്, സമഗ്രവും സഫലവും ആകണമെന്ന് ഉദ്ദേശിച്ചിട്ടുള്ളത് തന്നെയാണ്. എന്നിട്ടും കോഴ്സ് നിർത്തലാക്കേണ്ട ഗതികേടിലാണ് യൂണിവേഴ്സിറ്റി. ഏതു പഠനത്തിന്റെയും ആത്യന്തികലക്ഷ്യം വരുമാനം ആയിത്തീർ ന്നതുകൊണ്ട് ഹിസ്റ്ററിക്കും ജ്യോഗ്രഫിക്കും മലയാളത്തിനുമൊപ്പം ഹൈസ്കൂൾതലം മുതൽ പഠിക്കേണ്ട ഒരു വിഷയമാക്കിയാലേ ഈ കോഴ്സിന് ഭാവിയുള്ളൂ.

മലയാളസർവ്വകലാശാലയുടെ സംസ്കാരപൈതൃകപഠനം പാഠ്യപദ്ധതിയിൽ നാടോടിവിജ്ഞാനീയം അങ്ങിങ്ങായി പരന്നിരിക്കുന്നു. പൈതൃകസംസ്കാരപഠനങ്ങളും വിശാലമായ അർത്ഥത്തിൽ ഒന്നുതന്നെയാണ്. പക്ഷേ ഇവിടെ ക്ലാസിക്കൽ പാരമ്പര്യത്തിനാണ് മുൻതൂക്കം.നാടോടിക്ലാസിക്കൽ പഠനങ്ങളെ തുല്യഅളവിൽ നൽകാമായിരുന്നു. ഫീൽഡ്‌വർക്കിന് കാര്യമായ പരിഗണനയൊന്നും നൽകപ്പെട്ടിട്ടുമില്ല. എന്നാൽ നാടൻകലാശേഖരത്തിനു കൂടി പ്രയോജനപ്പെടുത്താവുന്ന പുരാവസ്തുശേഖരണങ്ങളും സംരക്ഷണവും നിയമങ്ങളും എന്ന പഠനമേഖല അഭിനന്ദനമർഹിക്കുന്ന ഒന്നാണ്.

മറ്റ് യൂണിവേഴ്സിറ്റികളിൽനിന്ന് വ്യത്യസ്തമായി കണ്ണൂർയൂണിവേഴ്സിറ്റി ബിരുദതലത്തിൽ തന്നെ ഫോക്!ലോർ പഠനത്തിന്റെ പ്രായോഗികതലത്തിന് പ്രാധാന്യം നൽകിയിരിക്കുന്നു. തെക്കൻഫോക് പാരമ്പര്യത്തെ വളരെ കുറച്ചു മാത്രമേ പ്രതിപാദിക്കുന്നുള്ളൂ എങ്കിലും കേരളത്തിന്റെ ഫോക് പാരമ്പര്യത്തെപ്പറ്റി ചിന്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന സിലബസാണിത്. എം എ സിലബസിൽ വിശദപഠനത്തിനായി നിരവധിവാങ്മയങ്ങളും ലേഖനങ്ങളുമാണ് നൽകിയിരിക്കുന്നത്. പഠിതാവിന്റെ ശ്രദ്ധയും അദ്ധ്യയനവും ഇതിലേയ്ക് മാത്രം ഒതുങ്ങുന്ന തരത്തിലുള്ളതാണിത്. ഫീൽഡ്‌വർക്കിന്റെ അഭാവവും ഒരു കുറവു തന്നെയാണ്. കണ്ണൂർയൂണിവേഴ്സിറ്റിയുടെ മലയാളവിഭാഗം അഫിലിയേറ്റഡ് കേളേജുകളിലെ എം എ സിലബസിന്റെ ഒരു ദുർബലാനു കരണമായി കാണുന്നു. ഫോക്!ലോറും സാഹിത്യവും എന്നമേഖലയെ പരിചയപ്പെടുത്തുകയോ ആമുഖപഠനമായി വിശീദികരിക്കുകയോ ചെയ്തിട്ടില്ല. കോളേജുകളേക്കാൾ പഠനസൗകര്യം കൂടുതലുള്ള ഡിപ്പാർട്ടമെന്റുകളിലെ സിലബസ് കുറച്ചുകൂടി വിശാലമായതരത്തിൽ ആവാമായിരുന്നു.

എല്ലാ സർവ്വകലാശാലകളും ബിരുദതലത്തിൽ ഫോക്‌ലോർ നിർബന്ധിത വിഷയമാക്കിയിരിക്കുന്നത് ഉചിതമായിരിക്കുന്നു. പുതിയപഠനമേഖലയെ പരിചയപ്പെടുത്തുന്ന തരത്തിലുള്ള സിലബസ് തന്നെയാണ് എല്ലായിടത്തും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ബിരുദാനന്തരബിരുദതലത്തിലെത്തുമ്പോഴാണ് ഐച്ഛികം എന്നനിലയിലേയ്ക് ഈ മേഖല തരംതാഴുന്നത്. കേരളയൂണിവേഴ്സിറ്റിയുടെ മലയാളവിഭാഗം, മഹാത്മാഗാന്ധി സർവ്വകലാ ശാല,കണ്ണൂർ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ മാത്രമാണ് എം എ മലയാളത്തിന്റെ നിർബന്ധിത വിഷയങ്ങളിൽ ഒന്നായി ഫോക് ലോറിനെ തെരഞ്ഞെടുത്തിരിക്കുന്നത്.

കേരളസർവ്വകലാശാലയുടെ മലയാളവിഭാഗം, കണ്ണൂർയൂണിവേഴ്സിറ്റിയുടെ എം എ മലയാളം എന്നിവിടങ്ങളിൽ ഫീൽഡ്വർക്ക് അതിന്റെ സാമാന്യമായരീതിയിൽ ചേർത്തിരിക്കുന്നു. ഫീൽഡ്വർക്കിന് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ എം എ ഫോക്‌ലോർ സിലബസാണ്. ഫോക് ലോറിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ് ഫീൽഡ് സ്റ്റഡി. ഈ വിജ്ഞാനശാഖയെ ജീവത്തും ചൈതന്യവത്തുമാക്കുന്നത് ഇതാണ്. മറ്റ് പാഠ്യപദ്ധതികൾ അത് മറന്നു. ഇത് ഒരു പ്രധാനപോരായ്മയായി കണക്കാക്കാം.

പാശ്ചാത്യർ സ്വരൂപിച്ച ഫോക്‌ലോർ സിദ്ധാന്തങ്ങൾ കുട്ടികളെ മനസിലാക്കിക്കലാണ് യഥാർത്ഥ ഫോക്‌ലോർ പഠനമെന്ന് പല പാഠ്യപദ്ധതിയുടെയും ശിൽപികൾ തെറ്റിദ്ധരിച്ചിരിക്കുന്നു. അവയും മനസിലാക്കേണ്ടതുതന്നെയാണ്. തനത് ഫോക്‌ലോർരൂപങ്ങളെ അറിയുകയും നന്നായി അറിയുന്നതിന് വേണ്ടി സ്വകീയമായ സിദ്ധാന്തങ്ങൾ രൂപവൽക്കരിക്കുകയും ചെയ്യുക എന്നതാവണം നമ്മുടെ ഫോക്‌ലോർ പഠനത്തിന്റെ അന്തഃസത്ത. ഈ അവബോധത്തിന്റെ അഭാവം മിക്ക പാഠ്യപദ്ധതികളിലും കാണാം. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലേയും പാഠ്യപദ്ധതികളെ ഏകോപിപ്പിച്ചാൽ മാത്രമേ കുറ്റമറ്റ ഒരു പാഠ്യപദ്ധതി ഉണ്ടാവുകയുള്ളൂ. സർവ്വകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാണെന്നിരിക്കെ ഇത് അസാദ്ധ്യമാണ്. കോളേജുകൾകൂടി അത്തരത്തിലാകുമ്പോൾ ഫോക്‌ലോർ എന്ന പാഠ്യവിഷയത്തിന്റെ പ്രസക്തി തന്നെ ചോദ്യം ചെയ്യപ്പെടും.

കുറ്റമറ്റ ഒരു ഫോക്‌ലോർ പാഠ്യപദ്ധതി എന്ന ലക്ഷ്യം നിറവേറ്റാൻ ചെയ്യേണ്ട ഒരു പ്രധാനകാര്യമുണ്ട്. അത് ഈ വിഷയത്തിലെ അക്കാദമികേതര വിദഗ്ദ്ധ (Non-Academic experts) രുടെ സേവനം ലഭ്യമാക്കുകയാണ്. തെയ്യം പാഠ്യപദ്ധതിയിൽ പ്രവേശിക്കുന്നത് തെയ്യംകെട്ടിയാടുന്നവരുടെ വിദഗ്ദ്ധോപദേശത്തിലൂടെയാവണം. പടയണിക്ക് വള്ളിക്കോട്ടുകാരുടെ നിർദ്ദേശങ്ങൾ ആവാം. ഇതുണ്ടായില്ലെങ്കിൽ അക്കാഡമിക് പണ്ഡിതൻമാരുടെ സൃഷ്ടിയായ ഫോക്‌ലോർ സിലബസ് 'ഏട്ടിലെപ്പശു' മാത്രമായിരിക്കും. സ്വതന്ത്രഫോക്‌ലോർ പഠനവും അക്കാ ഡമികമായ പഠനവും സമാന്തരമായി മുഖാമുഖം നിൽക്കേണ്ടവയല്ല. അവ പരസ്പരപൂരകമായിരിക്കണം. കേരളത്തിലെ സർവ്വകലാശാലകളിൽ ഫോക്‌ലോർ പാഠ്യപദ്ധതികളുടെ ന്യൂനതകൾ പരിഹരിക്കാനുള്ള മാർഗ്ഗമാണിത്.

☐